# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 165

07.03.2018- ൽ മറുപടിയ്ക്ക്

## ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ. എം. രാജഗോപാലൻ
ശ്രീമതി വീണാ ജോർജ്ജ്
ശ്രീ. പി.ടി.എ. റഹീം

**മറുപടി**

പിണറായി വിജയൻ
*(മുഖ്യമന്ത്രി)*

(എ) ലോക കേരള സഭയിൽ നടന്ന ചർച്ചകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് തുടർപ്രവർത്തനങ്ങൾക്കായി വ്യത്യസ്ത വിഷയ മേഖല കമ്മിറ്റികൾക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; കമ്മിറ്റികൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കുമോ ; കമ്മിറ്റിയിലെ അംഗങ്ങളെ സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ കമ്മിറ്റിയും എന്തെല്ലാം വിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണിക്കാനാണുദ്ദേശിക്കുന്നത് ; കമ്മിറ്റികളിൽ ലോക കേരള സഭയിലെ അംഗങ്ങൾക്ക് തന്നെ പ്രാതിനിധ്യം നല്കുമോയെന്ന് വ്യക്തമാക്കുമോ ?

(എ) ഉണ്ട്.

(ബി) യും (സി) യും രണ്ട് ദിവസം നടന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്ക് ഏഴ് വിഷയമേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ മേഖലയിലെയും വിദഗ്ധരും പ്രവാസി പ്രതിനിധികളും അടങ്ങിയവയായിരിക്കും ഈ കമ്മിറ്റികൾ

**സ്റ്റാൻഡിംഗ് കമ്മിറ്റി-1**: കേരള വികസന നിധി രൂപീകരണവും നടത്തിപ്പും ലോക കേരള സഭ തുടർ സമ്മേളനങ്ങളുടെ നടത്തിപ്പും

**സ്റ്റാൻഡിംഗ് കമ്മിറ്റി-2**: പ്രവാസി സാമ്പത്തിക മേഖല രൂപീകരണം അടക്കം പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

**സ്റ്റാൻഡിംഗ് കമ്മിറ്റി-3**: നാട്ടിലേക്ക് തിരിച്ച് വരുന്നവർക്കായി വരുമാന പദ്ധതികളുടെയും പുനരധിവാസ പദ്ധതികളുടെയും രൂപീകരണം.

**സ്റ്റാൻഡിംഗ് കമ്മിറ്റി-4** : മറ്റു രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ വിദേശ ജോലിക്ക് തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നയരൂപീകരണം.

**സ്റ്റാൻഡിംഗ് കമ്മിറ്റി-5**: പല രാജ്യങ്ങളിലും തദ്ദേശീയ തൊഴിലാളികൾക്ക് പ്രാധാന്യം നല്കുന്ന നിയമങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വനിതകളടക്കമുള്ള നമ്മുടെ പ്രവാസി സമൂഹത്തിന്റെ അവകാശ -തൊഴിൽ സംരക്ഷണത്തിന് സഹായകമായ കുടിയേറ്റ നിയമ രൂപീകരണത്തിന് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലേയ്ക്ക് എത്തിക്കേണ്ട വിഷയങ്ങൾ.

**സ്റ്റാൻഡിംഗ് കമ്മിറ്റി-6**: കേരളീയ കലകളെ ലോകം മുഴുവൻ വിളംബരം ചെയ്തു പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം.

**സ്റ്റാൻഡിംഗ് കമ്മിറ്റി-7** : ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും.

ലോകകേരള സഭാംഗങ്ങൾക്കു തന്നെ പ്രാതിനിധ്യമുള്ള കമ്മിറ്റികൾ ഉടൻ നിലവിൽ വരുന്നതാണ്.

സെക്ഷൻ ഓഫീസർ